പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2815 | 06.02.2018 ന് മറുപടിയ്ക്ക്.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരമുള്ള ഐ.ടി.ഐ. ആയി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ ഉൾപ്പെടെ 10 ഐ.ടി.ഐകളെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ 10 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന തിലേയ്ക്കായി 228,92,31,600/- (ഇരുന്നൂറ്റി ഇരുപത്തി എട്ടു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുന്നൂറു രൂപാ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ള കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്വീകരിച്ചു വരുന്നു. DPR തയ്യാറാക്കുന്നതിന് വേണ്ടി കൺസൾട്ടന്റിനെ തീരുമാനിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിച്ചിട്ടുണ്ട്. KASE ലഭ്യമാക്കുന്ന DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന തിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. |

| | |
|---|---|
| (സി) ഇതിന്റെ ഭാഗമായി എന്തെല്ലാം നവീകരണ, വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;<br><br>(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ? | (സി) & (ഡി) KASE ലഭ്യമാക്കുന്ന DPR കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ എന്തെല്ലാം നവീകരണ, വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്, നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും, ഏത് ഏജൻസിയെയാണ് നിർമ്മാണ ചുമതല ഏല്പിക്കേണ്ടത് എന്നിവ സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

Bindu

സെക്ഷൻ ഓഫീസർ